**St.Therese of Lisieux Church**
**Vellayambalam**

മുൻപ് റിലീസ് ചെയ്തിട്ടുള്ളതോ, മതസ്പർദ്ധയുണ്ടാക്കുന്നതോ ആയ ഷോർട്ട് ഫിലിം അനുവദനീയമല്ല.
പ്രകൃതി മനോഹാരിത പശ്ചാത്തലമാക്കിയുള്ള ചിത്രീകരണങ്ങൾക്കു മുൻഗണന,
ഷോർട്ട്ഫിലിം സമർപ്പിക്കേണ്ട അവസാനതിയതി : **30/04/2025**
Email ID: theresolsavom2025@gmail.com

## 7. തെരേസിയൻ ക്വിസ്

ഒരു ഇടവകയിൽ നിന്ന് 3 പേർ അടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം, വിശുദ്ധയെക്കുറിച്ചുള്ള “ഇതാണ് ദൈവാശ്രയം” എന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പോസ്തലിക പ്രബോധനവും, വിശുദ്ധയുടെ ആത്മകഥയായ നവമാലികയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ആയിരിക്കും ചോദിക്കുക. സെമിഫൈനൽ, ഫൈനൽ എന്നീ റൗണ്ടുകളിലായിരിക്കും ക്വിസ് മത്സരം നടത്തപ്പെടുക. സെമിഫൈനലിൽ ആദ്യ 7 സ്ഥാനം നേടുന്ന ടീമുകൾ ആണ് ഫൈനലിൽ മത്സരിക്കുന്നത്.

## പ്രത്യേക ശ്രദ്ധയ്ക്ക്

1. വ്യക്തിഗത മത്സരങ്ങൾക്ക് ഒരുവ്യക്തിക്ക് പങ്കെടുക്കാവുന്നത് പരമാവധി 2 ഇനങ്ങളിൽ മാത്രം.
2. വിധികർത്താകളുടെ തീരുമാനം അന്തിമമായിരിക്കും.
3. രജിസ്ട്രേഷൻ ഫീസ് : **Rs 100/Item.**
4. വാട്സ്ആപ് വഴി ( 85 92 92 93 98) രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.
5. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി 15/04/2025.
6. മത്സരങ്ങൾക്കുള്ള ചെസ്റ്റ് നമ്പർ : ഫൊറോനതല മത്സരങ്ങൾക്ക് മെയ് 01ന് രാവിലെ 8.30 നും അതിരൂപതാതല മത്സരങ്ങൾക്ക് മെയ് 11ന് രാവിലെ 8.30 നും വെള്ളയമ്പലം പാരിഷ് ഹാളിൽ നിന്നും ശേഖരിക്കാവുന്നതാണ്.
7. മത്സരാർഥികൾക്ക് ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.

**ആകർഷകമായ സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.**

**ഏവരുടെയും പങ്കാളിത്തവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്**
**ഉത്ഥാന മഹോത്സവത്തിന്റെ ആശംസകളോടെ**

| | | | |
|---|---|---|---|
| ഡോ. മൈക്കിൾ തോമസ് | ഫാ. മനീഷ് പീറ്റർ | രമ്യ അനി ജോർജ്ജ് | ഹെർമിന സേവ്യർ ജി. |
| (ഇടവക വികാരി) | (സഹവികാരി) | (മതബോധന സെക്രട്ടറി) | (മതബോധന H.M.) |
| 9895231072 | 9400089454 | 8592824836 | 9995357330 |

Jeevajyothioffsetpress#2311620

# വിശുദ്ധ കൊച്ചുത്രേസ്യ ദൈവാലയം
## വെള്ളയമ്പലം
# തെരേസോത്സവം 2025



## ഫൊറോനതല മത്സരങ്ങൾ
2025 മെയ് **01**
09:00 am - 05:00 pm

## രൂപതതല മത്സരങ്ങൾ
2025 മെയ് **11**
09:00 am - 05:00 pm

**സ്ഥലം: വെള്ളയമ്പലം പാരീഷ് ഹാൾ**

St.Therese of Lisieux Church
Vellayambalam

# തെരേസോത്സവം 2025

(കല - സാഹിത്യ മത്സരങ്ങൾ)

ബഹുമാനപ്പെട്ട അച്ചാ, സിസ്റ്റർ, മതബോധന ഹെഡ്മാസ്റ്റർ, സെക്രട്ടറി, സുഹൃത്തേ,

നമ്മുടെ അതിരൂപതയുടെയും വെള്ളയമ്പലം ഇടവകയുടെയും മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ 150-ാം ജന്മവാർഷികവും വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ശതാബ്ദിയും ആഘോഷിക്കുന്നതിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ കർമ്മപരിപാടികൾ വെള്ളയമ്പലം ഇടവക ആസൂത്രണം ചെയ്തിരിക്കുന്നു എന്ന വാർത്ത അങ്ങയെ അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഇതിൽ ഏറ്റവും ആകർഷകമായ തെരേസോത്സവുമായി ബന്ധപ്പെട്ട് വി.കൊച്ചുത്രേസ്യയുടെ ജീവിതത്തെ അടിസ്ഥാനമാക്കി കല, സാഹിത്യ, ക്വിസ് മത്സരങ്ങൾ ഫെറോന തലത്തിൽ മെയ് 1 നും അതിരൂപതാ തലത്തിൽ മെയ് 11 നും നടത്താൻ തീരുമാനിച്ചിരിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യയുടെ കരം പിടിച്ച് പ്രത്യാശയുടെ തീർത്ഥാടകരാകാൻ വിളിക്കപ്പെട്ടിരിക്കുന്ന ഈ ജൂബിലി വർഷത്തിൽ നമ്മുടെ മതബോധന വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും യുവജനങ്ങളിലും വിശുദ്ധ കൊച്ചുത്രേസ്യയുടെ ആത്മീയത വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി സംഘടിപ്പിക്കുന്ന തെരേസോത്സവത്തിൽ അങ്ങയുടെ ഇടവകയിൽ / കമ്മ്യൂണിറ്റിയിൽ നിന്നും പരമാവധി പേരെ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഫെറോനതല മത്സരങ്ങൾ

(വട്ടിയൂർക്കാവ് & പാളയം ഫെറോനകൾക്ക്)
(മെയ് 1, 9:00 AM – 5:00 PM)

### 1. ചെറുപുഷ്പ സൂക്തങ്ങൾ (Theresian Quotes) : UP,HS,HSS

ചെറുപുഷ്പ സൂക്തങ്ങൾ ഇടവക വെബ്സൈറ്റിൽ (www.vellayambalamparish.org) ലഭ്യമാണ്.
സമയം : 20 മിനിറ്റ്
നിശ്ചിത സമയത്തിനുള്ളിൽ തെറ്റ് കൂടാതെ പരമാവധി സൂക്തങ്ങൾ മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതേണ്ടതാണ്.

### 2. പ്രസംഗം : UP, HS,HSS

സമയം : 5 മിനിറ്റ്
പ്രസംഗവിഷയം 5 മിനിറ്റ് മുൻപ് നൽകുന്നതായിരിക്കും.
വിഷയം:വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതം ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തിയുള്ള വിഷയങ്ങളായിരിക്കും.

### 3. മോണോ ആക്റ്റ് : UP,HS, HSS

സമയം : 5 മിനിറ്റ്
വിഷയം: വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതകഥയോ, ജീവിത മൂല്യങ്ങൾ ആധുനിക കാലഘട്ടമായി ബന്ധപ്പെടുത്തിയോ അവതരിപ്പിക്കാവുന്നതാണ്.

### 4. കഥ ചൊല്ലൽ LP

സമയം: 5 മിനിറ്റ്
വിഷയം: വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതകഥയോ, ജീവിത മൂല്യങ്ങൾ ആധുനിക കാലഘട്ടമായി ബന്ധപ്പെടുത്തിയോ ഉള്ള കഥകൾ അവതരിപ്പിക്കാം.
1 മുതൽ 4 വരെയുള്ള ഇനങ്ങൾക്ക് ഒരോ ഇടവകയിൽ നിന്ന് ഓരോ കാറ്റഗറിയിൽ നിന്നും 2 പേർക്ക് വീതം പങ്കെടുക്കാം.

St.Therese of Lisieux Church
Vellayambalam

### 5. ചിത്രരചന : LP

ഒരു ഇടവകയിൽ നിന്ന് പരമാവധി 10 പേർക്ക് പങ്കെടുക്കാം
സമയം : 1 മണിക്കൂർ
വിഷയം : തത്സമയം നൽകുന്നതായിരിക്കും.
ചിത്രരചനയ്ക്കുള്ള പേപ്പർ നൽകുന്നതായിരിക്കും പെൻസിൽ, കളർ പെൻസിൽ മറ്റു ആവശ്യമായ ഉപകരണങ്ങൾ എന്നിവ മത്സരാർത്ഥികൾ കൊണ്ട് വരേണ്ടതാണ്.

## അതിരൂപതതല മത്സരങ്ങൾ

(മെയ് 11, 9:00 AM – 5:00 PM)

### 1. കഥാരചന മതബോധന അധ്യാപകർ, സന്യസ്തർ, സന്യാസ – വൈദീകാർത്ഥികൾ

സമയം: 1 മണിക്കൂർ
പുതുമയുള്ള കഥകൾ ആയിരിക്കണം രചിക്കേണ്ടത്. മത്സരാർത്ഥികളുടെ തന്നെ മുൻപ് പ്രസിദ്ധീകരിച്ച കഥകളോ, മറ്റു പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുള്ള കഥകളോ പാടില്ല.
വിഷയം: വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതവും ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി ആയിരിക്കും.

### 2. ഉപന്യാസം : മതബോധന അധ്യാപകർ, സന്യസ്തർ, സന്യാസ – വൈദീകാർത്ഥികൾ

സമയം: 1 മണിക്കൂർ
വിഷയം: തത്സമയം നൽകുന്നതായിരിക്കും. വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതകഥയോ ജീവിതമൂല്യങ്ങൾ ആധുനിക കാലഘട്ടമായി ബന്ധപ്പെടുത്തിയോ ഉള്ള വിഷയങ്ങളായിരിക്കും.

### 3. പ്രസംഗം : മതബോധന അധ്യാപകർ, സന്യസ്തർ, സന്യാസ – വൈദീകാർത്ഥികൾ

സമയം: 5 മിനിറ്റ്
വിഷയം തത്സമയം നൽകുന്നതായിരിക്കും വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതകഥയോ ജീവിതമൂല്യങ്ങൾ ആധുനിക കാലഘട്ടമായി ബന്ധപ്പെടുത്തിയോ ഉള്ള വിഷയങ്ങളായിരിക്കും.
1 മുതൽ 3 വരെയുള്ള ഇനങ്ങൾക്ക് ഒരു ഇടവകയിൽ /കമ്മ്യൂണിറ്റിയിൽ നിന്ന് ഓരോ കാറ്റഗറിയിലും ഒരാൾക്ക് വീതം പങ്കെടുക്കാം.

### 4. സ്കിറ്റ് : Common (5-7 members)

സമയം : 20 മിനിറ്റ് (including stage setting and stage clearance)
വിഷയം: വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതകഥയോ, ജീവിതമുല്യങ്ങൾ ആധുനിക കാലഘട്ടമായി ബന്ധപ്പെടുത്തിയോ അവതരിപ്പിക്കാവുന്നതാണ്. കരോക്കെ അനുവദനീയമല്ല. തത്സമയ വാദ്യോപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്.

### 5. പോസ്റ്റർ നിർമാണം : HS,HSS & സീനിയേഴ്സ്

ഒരു ഇടവകയിൽ നിന്ന് ഓരോ കാറ്റഗറിയിലും 2 പേർക്കും വീതം മത്സരിക്കാം
സമയം: 45 മിനിറ്റ്
വിഷയം തത്സമയം നൽകുന്നതായിരിക്കും. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പോസ്റ്റർ തയ്യാറാക്കുന്നതിനുള്ള പേപ്പർ നൽകുന്നതാണ്. പോസ്റ്റർ തയ്യാറാക്കുന്നതിനുള്ള പെൻസിൽ, കളർ, സ്കെയിൽ, റബ്ബർ തുടങ്ങിയവ മത്സരാർത്ഥികൾ കൊണ്ടു വരേണ്ടതാണ്.

### 6. ഷോർട്ട്ഫിലിം : common

ഒരു ഇടവകയിൽ നിന്ന് ഒരു വീഡിയോ
സമയം : പരമാവധി 7 മിനിറ്റ്